(ബി) ഇപ്പോൾ എത്ര ഡോക്ടർമാരുടെ ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് താലൂക്ക് ആശുപത്രികളിലെയും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെയും പ്രവർത്തനം ഡോക്ടർമാരുടെ കുറവുകാരണം തടസ്സപ്പെടുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എന്തൊക്കെ നടപടികളാണ് ഇതിൻമേൽ നടപ്പാക്കുന്നതെന്നും വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം എത്ര ഡോക്ടർമാർ പെൻഷനായിട്ടുണ്ടെന്നും എത്രപേരെ പി.എസ്.സി. വഴി നിയമിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ 3421 ഡോക്ടർമാരുടെ തസ്തികകൾ നിലവിലുണ്ട്.

(ബി) 200 ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്.

(സി) സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിലെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെയും പ്രവർത്തനം ഡോക്ടർമാരുടെ കുറവുകാരണം തടസ്സപ്പെടുന്നത് ഒഴിവാക്കുന്നതിനായി അവിടെ ഉണ്ടാകുന്ന താൽക്കാലിക ഒഴിവുകളിൽ ദിവസ വേതന വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിക്കാൻ സർക്കാർ ഉത്തരവ് നമ്പർ 2445/01/ആ.കു.വ. തീയതി 15-9-2001 പ്രകാരം എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രൈമറി ഹെൽത്ത് സെന്ററുകളിലും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഉണ്ടാകുന്ന പ്രസവാവധി, താൽക്കാലിക ലീവ് ഉൾപ്പെടെയുള്ള ഒഴിവുകളിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ ദിവസ വേതന വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ച് രോഗികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടാത്ത രീതിയിൽ പ്രവർത്തിച്ചു വരുന്നു.

(ഡി) 616 ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. 167 ഡോക്ടർമാർ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട്.

സർവ്വീസിൽ നിന്ന് വിരമിച്ച വിദഗ്ദ്ധ ഡോക്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച നടപടി

155 (1624) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിൽനിന്നും വിരമിച്ചിട്ടുള്ള വിദഗ്ദ്ധ ഡോക്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ, ഇത്തരത്തിൽ എത്രപേരെ നിയമിച്ചിട്ടുണ്ട് ; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആരോഗ്യവകുപ്പ് സർവ്വീസിൽനിന്നും വിരമിച്ചിട്ടുള്ള വിദഗ്ദ്ധ ഡോക്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(ബി) 75 എണ്ണം.

തിരുവനന്തപുരം	–	3 എണ്ണം
ഇടുക്കി	–	5 "
കോട്ടയം	–	4 "
എറണാകുളം	–	3 "
പാലക്കാട്	–	25 "
കാസർഗോഡ്	–	8 "
കൊല്ലം	–	2 "
ആലപ്പുഴ	–	5 "
തൃശ്ശൂർ	–	10 "
കണ്ണൂർ	–	10 "

തൃശ്ശൂർ മെഡിക്കൽ കോളേജിൽനിന്നും ഷിഫ്റ്റ് ചെയ്ത പോസ്റ്റുകൾ

156 (1625) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽനിന്ന് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ എത്ര തസ്തികകൾ മറ്റ് മെഡിക്കൽ കോളേജുകളിലേയ്ക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതൊക്കെ തസ്തികകളാണ് ഈ വിധത്തിൽ മാറ്റിയിട്ടുള്ളത് ; ഈ തരത്തിൽ മാറ്റിയിട്ടുള്ള പ്രൊഫസർമാർ ആരൊക്കെയാണ് ;

(സി) ഇ.എൻ.ടി, കാർഡിയോളജി, യൂറോളജി, നെഫ്രോളജി, പത്തോളജി ഡിപ്പാർട്ടുമെന്റുകളിൽ ജോലി ചെയ്തുവരുന്ന പ്രൊഫസർമാരെ തൃശ്ശൂരിൽ നിന്നും മറ്റ് മെഡിക്കൽ കോളേജുകളിലേയ്ക്ക് വർക്ക് അറേഞ്ച്മെന്റിൽ മാറ്റിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരൊക്കെയാണ് ഈ വിധത്തിൽ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ)&(ബി) തൃശ്ശൂർ മെഡിക്കൽ കോളേജിന്റേതായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ ഒന്നും ഷിഫ്റ്റ് ചെയ്തിട്ടില്ല. എന്നാൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്നും തൃശ്ശൂരിലേയ്ക്ക് മാറ്റിയിരുന്ന ഒരു പ്ലാസ്റ്റിക് സർജറി പ്രൊഫസർ തസ്തിക തിരുവനന്തപുരത്തേയ്ക്ക് തിരികെ ഷിഫ്റ്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly